# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

07-11-2016 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6233

### യാത്രാ കപ്പൽ സർവ്വീസ്

ചോദ്യം

ശ്രീ. എൻ.എ.നെല്ലിക്കുന്ന് :

മറുപടി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി)

(എ) ഗൾഫ് രാജ്യങ്ങളിൽ നിന്ന് കേരളത്തിലേക്ക മുമ്പ് യാത്രാ കപ്പൽ സർവ്വീസ് ഉണ്ടായിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എപ്പോഴാണ് ഉണ്ടായിരുന്നതെന്നും ഏത് രാജ്യത്ത് നിന്ന് കേരളത്തിലെ ഏത് തുറമുഖത്തിലേക്കായിരുന്നു സർവ്വീസ് ഉണ്ടായിരുന്നതെന്നും വ്യക്തമാക്കാമോ ;

(എ) യും (ബി) യും ഗൾഫ് നാട്ടുകളിൽ നിന്നും യാത്രാക്കപ്പലുകൾ കൊച്ചി തുറമുഖത്താണ് വന്നിട്ടുള്ളത്. ആയതു സംബന്ധിച്ചുള്ള രേഖകളൊന്നും തുറമുഖ വകുപ്പിലോ, കൊച്ചിൻ പോർട്ട് ട്രസ്റ്റിലോ നിലവിൽ ലഭ്യമല്ല.

(സി) ഇപ്പോൾ ഗൾഫ് രാജ്യങ്ങളിൽ നിന്ന് കേരളത്തിലേക്ക് യാത്രാ കപ്പൽ സർവ്വീസിന് കൂടുതൽ സാധ്യതകളുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ വിമാനടിക്കറ്റിന്റെ അമിത ചാർജിനാൽ ഗൾഫ് മലയാളികൾ ദുരിതമനുഭവിക്കുന്ന സാഹചര്യത്തിൽ സാധാരണക്കാരന് താങ്ങാനാവുന്ന യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കാൻ എന്ത് നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

(സി) യും (ഡി) യും ചെറിയ യാത്രാകപ്പൽ വരുന്നതിനുള്ള സംവിധാനമാണ് സംസ്ഥാന സർക്കാരിന് കീഴിലുള്ള തുറമുഖങ്ങളിലുള്ളത്. അത്തരത്തിലുള്ള കപ്പലുകൾ ഗൾഫ് നാട്ടുകളിലേക്ക് സർവ്വീസ് നടത്തുന്നത് ലാഭകരമായിരിക്കില്ല. വിമാന യാത്രയേക്കാൾ ചിലവുകുറഞ്ഞ രീതിയിൽ ഗൾഫ് നാട്ടുകളിൽ നിന്നും കൊച്ചി പോലുള്ള മേജർ തുറമുഖങ്ങളിലേക്ക് യാത്രാക്കപ്പൽ സർവ്വീസ് നടത്താവുന്നതാണ്. ഇതിനായി വലിയ യാത്രക്കപ്പൽ വേണ്ടി വരും. വിമാനയാത്രയ്ക്ക് 4, 5 മണിക്കൂറുകൾ മാത്രം മതിയാകുമ്പോൾ കപ്പൽ യാത്രയ്ക്ക് 4, 5 ദിവസങ്ങൾ വേണ്ടി വരും. ഈ സാഹചര്യത്തിൽ പരിമിതമായ അവധിയുമായി നാട്ടിലേക്ക് വരുന്ന പ്രവാസികൾ കപ്പൽ യാത്രയെ ആശ്രയിക്കാതെ വരികയും യാത്രാക്കപ്പൽ സർവ്വീസ് നഷ്ടത്തിലാവുന്നതിന് കാരണമാവുകയും ചെയ്യും. ഇക്കാരണത്താൽ യാത്രാക്കപ്പൽ സർവ്വീസ് ഗൾഫ് നാട്ടുകളിലേക്ക് നടത്തുന്നത് പ്രായോഗികമായിരിക്കില്ല.

സെക്ഷൻ ഓഫീസർ